'126769/2023

പിന്നാക്ക വിഭാഗ വികസന വകുപ്പ്

കൊല്ലം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

റ്റി.കെ മാധവൻ മെമ്മോറിയൽ ബിൽഡിംഗ്

മുണ്ടയ്ക്കൽ, കൊല്ലം - 691001, ഫോൺ - 0474 2914417

ഇമെയിൽ - bcddklm@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in

**BCDKLM/62/2023-A1** തീയതി :17-11-2023

## ക്വട്ടേഷൻ നോട്ടീസ്

പിന്നാക്ക വിഭാഗ വികസന വകുപ്പ് കൊല്ലം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ താഴെപ്പറയുന്ന സാങ്കേതിക വിശദാംശങ്ങളോട് കൂടിയ ഒരു ഡിജിറ്റൽ ക്യാമറ സപ്ലൈ ചെയ്യുന്നതിന് അംഗീകൃത വിതരണക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ജി.എസ്.ടി ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.

| Items | Specification |
|---|---|
| Digital Camera (Mirrorless) with battery & charger | 4K 30P/Full HD 120P Recording<br>24.2 Mega Pixels<br>Upto 15 fps Continuous Shooting |
| Memory Card | 128 GB, 200mbps SD Card |
| Bag | Suitable Backbag |
| Tripod | Suitable Tripod |

മേൽ പട്ടികപ്പെടുത്തിയിരിക്കുന്ന ഇനങ്ങളുടെ നിരക്കും വാറണ്ടി/ഗ്യാരണ്ടി എന്നിവയും പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം. കവറിന്റെ പുറത്ത് പിന്നാക്ക വിഭാഗ വികസന വകുപ്പ് കൊല്ലം മേഖലാ ആഫീസിലേക്ക് ഡിജിറ്റൽ ക്യാമറ സപ്ലൈ ചെയ്യുന്നതിനുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തിയിരിക്കണം.

താൽപര്യമുള്ളവർ മേൽപ്രകാരമുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തിയ ക്വട്ടേഷൻ മുദ്രണം ചെയ്ത കവറിൽ 27.11.2023 രാവിലെ 11 മണിയ്ക്കകം കൊല്ലം മുണ്ടയ്ക്കൽ കപ്പലണ്ടി മുക്കിന് സമീപമുള്ള ശ്രീനാരായണ സാംസ്കാരിക സമിതി കാമ്പസിലുള്ള കൊല്ലം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. 2023 നവംബർ 30രാവിലെ 11.30 ന് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളവരിൽ ഹാജരായിട്ടുള്ളവരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ടി ദിവസം

അവധിയായാൽ തൊട്ടടുത്ത പ്രവർത്തി ദിവസം രാവിലെ 11 മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതുമായിരിക്കും. ക്വട്ടേഷൻ അംഗീകരിക്കുന്നതിനും യാതൊരു കാരണവും വിശദീകരിക്കാതെ നിരസിക്കുന്നതിനുമുള്ള അധികാരം മേഖലാ ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. സപ്ലൈ ഓർഡർ നൽകി 5 ദിവസത്തിനകം ഇനം ലഭ്യമാക്കേണ്ടതാണ്. ക്യാമറയുടെ തൃപ്തികരമായ പ്രവർത്തനം ബോധ്യപ്പെട്ട ശേഷം അസ്സൽ ബില്ലിന്റെ അടിസ്ഥാനത്തിൽ ബിൽ തുക സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നതാണ്.

ക്വട്ടേഷൻ സംബന്ധമായ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്. കൂടുതൽ വിവരങ്ങൾക്ക് ആഫീസ് പ്രവർത്തി സമയത്ത് നേരിട്ടും 0474 2914417 എന്ന ഫോൺ നമ്പറിലും ബന്ധപ്പെടാവുന്നതാണ്.

Signed by Shibu R
Date: 17-11-2023 13:34:07
Reason: Approved

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

- നോട്ടീസ് ബോർഡ്
- വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്
- നോട്ടീസ് ബോർഡ്
- ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കൊല്ലം.